മി. സ്പീക്കർ: ഓർഡർ............ ഓർഡർ........ ചോദ്യം നമ്പർ *271

…....(ബഹളം).......

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സസ്പെൻഡ് ചെയ്യപ്പെട്ട എം.എൽ.എ. മാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുകയും അവരെ സഭയിൽ പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്യണം. വനിതാ എം.എൽ.എ. മാർക്കുനേരെ നടന്നിട്ടുള്ള അത്യന്തം നീചവും ക്രൂരവുമായ ഭരണകക്ഷി എം.എൽ.എ. മാരുടെ നടപടിയെ ഞങ്ങൾ ശക്തിയായി എതിർക്കുകയാണ്. ലൈംഗിക സ്വഭാവത്തോടുകൂടിയുള്ള ആക്രമണമാണ് അവരുടെ നേരെ നടത്തിയിട്ടുള്ളത്. അതിന് അടിയന്തര പരിഹാരമുണ്ടാക്കണം. ബഹളത്തിനിടയിൽ എന്തോ പറഞ്ഞുപോയി എന്നല്ലാതെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടില്ല. ഇതുപോലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാക്കണം. ബഡ്ജറ്റ് അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണം. അത് കേരളത്തിന്റെ ആവശ്യമാണ്. അത് ഇത്തരത്തിൽ അലങ്കോലപ്പെടുത്തുന്ന രൂപത്തിലാകാൻ പാടില്ല. ഇതാണ് അറിയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് സംബന്ധിച്ച് …... (ബഹളം) …..

മി. സ്പീക്കർ: ബഹളം വേണ്ട …... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

സംസാരിച്ചു, ബഹുമാനപ്പെട്ട സഭാനേതാവും സംസാരിക്കുന്നു, വേറെ ആരും സംസാരിക്കുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 13-ാം തീയതി നടന്ന സംഭവങ്ങൾ ലോകം മുഴുവൻ കണ്ടതാണ്. നമ്മുടെ സഭയ്ക്കും നാടിനും അപമാനം വരുത്തിയ സംഭവങ്ങളാണ്. ...... (ബഹളം) .........

മി. സ്പീക്കർ: പ്ലീസ് ....... പ്ലീസ് ..... സഭാ നേതാവ് സംസാരിക്കട്ടെ .......

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് ദുരഭിമാനമോ പിടിവാശിയോ ഇല്ല. പക്ഷേ, ലോകം മുഴുവൻ കണ്ട കാര്യത്തിന് ഒരു നടപടിയും വേണ്ട എന്നുപറഞ്ഞാൽ അത് അംഗീകരിക്കാൻ സാധ്യമല്ല. വനിതാ എം.എൽ.എ. മാരോട് ഏതെങ്കിലും വിധത്തിൽ മോശമായി പെരുമാറി എന്നുപറഞ്ഞപ്പോൾ തന്നെ ഈ ദൃശ്യങ്ങൾ ഒന്നിച്ചു കാണാമെന്നും ഒന്നിച്ചുകണ്ടിട്ട് ആരുടെയെങ്കിലും ഭാഗത്ത് തെറ്റുണ്ടെങ്കിൽ അത് പരിശോധിക്കാമെന്നും ഞങ്ങൾ പറഞ്ഞതാണ്. പക്ഷേ, തെറ്റ് ചെയ്യാത്തവരെ ശിക്ഷിക്കാൻ ഞങ്ങൾ ഒരിക്കലും കൂട്ടുനിൽക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് നിങ്ങൾ പറയുന്ന കാര്യങ്ങൾ ആത്മാർത്ഥതയോടെയാണെങ്കിൽ ആ ദൃശ്യങ്ങൾ നമുക്ക് ഒരുമിച്ചിരുന്ന് കാണാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞങ്ങളുടെ കൂട്ടത്തിലുള്ള അഞ്ച് എം.എൽ.എ. മാരെ സസ്പെൻഡ് ചെയ്തപ്പോൾ, അതും ഒരുമിച്ചിരുന്ന് കണ്ടിട്ട് തീരുമാനമെടുത്താൽ പോരായിരുന്നോ. രണ്ട് ഭാഗത്തുമുള്ള ആക്ഷേപങ്ങൾ ഒന്നിച്ചുതീരുമാനിക്കുന്നതിനുപകരം പ്രതിപക്ഷത്തിനെതിരെ ഏകപക്ഷീയമായ നടപടിയെടുത്തിട്ട് ഇങ്ങനെയൊരു നിലപാട് സഭാനേതാവ് സ്വീകരിക്കുന്നത് ശരിയാണോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇവിടെ നടന്ന സംഭവങ്ങൾ - ആ അഞ്ച് എം.എൽ.എ. മാരും ചെയ്തത് എന്തൊക്കെയാണെന്ന് ലോകം മുഴുവൻ കണ്ടിട്ടുള്ളതാണ്. ......(ബഹളം)....... അഞ്ച് പേർ മാത്രമല്ല ഇതിൽ പങ്കെടുത്തതെന്ന് എല്ലാവർക്കും അറിയാമല്ലോ. ലോകത്തിന് മുഴുവൻ അറിയാവുന്ന ആ സംഭവങ്ങൾ വച്ചാണ് ഞങ്ങൾ അഞ്ച് അംഗങ്ങളായി ചുരുക്കി വളരെ മിതമായ നടപടിയിലേയ്ക്ക് പോയത്. ഞങ്ങൾക്ക് യാതൊരു ദുരഭിമാനമോ വാശിയോ ഇക്കാര്യത്തിലില്ല. പക്ഷേ തെറ്റ് ചെയ്യുന്നവരെ ന്യായീകരിക്കുന്നതിനും ഒരു പരിധിയുണ്ട്. ഇവിടെ വനിതാ എം.എൽ.എ. മാരുടെ കാര്യം പ്രതിപക്ഷനേതാവ് പറഞ്ഞു, നമുക്ക് ഒന്നിച്ചിരുന്ന് ആ ദൃശ്യങ്ങൾ കാണാം. ആ സംഭവ സമയത്ത് ഈ ഹാളിൽ 100 ക്യാമറകളുണ്ടായിരുന്നു. ആ ദൃശ്യങ്ങൾ നമുക്ക് പരിശോധിക്കാം. അതിന് നിങ്ങൾ

തയ്യാറാകാത്തതെന്താണ്? ആക്ഷേപങ്ങൾ പറഞ്ഞ് സംശയത്തിന്റെ പ്രതീതിയുണ്ടാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അത് വിജയിക്കുകയില്ല. ഈ സംഭവങ്ങൾ ലോകം മുഴുവൻ കണ്ടതാണ്. ഏതു സമയത്തും തുറന്ന മനസോടുകൂടി ഈ ദൃശ്യങ്ങൾ കാണാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ ഞങ്ങൾ ഇതുവരെ പരിശോധിച്ചതിൽ നിങ്ങൾ ഉന്നയിച്ചിരിക്കുന്ന എം.എൽ.എ. മാർ ആരുംതന്നെ ആ രീതിയിൽ ഒരു തെറ്റ് ചെയ്തിട്ടില്ല എന്ന ബോധ്യമാണ് ഞങ്ങൾക്കുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ……

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചുകഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, …… (മൈക്ക് ഓഫ്) ….. ഭരണകക്ഷിക്ക് ഒരു ന്യായം, പ്രതിപക്ഷത്തിന് വേറൊരു ന്യായം. ശ്രീമതി ജമീലാ പ്രകാശം എണ്ണിയെണ്ണി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ലോകം മുഴുവൻ കണ്ടതല്ലേ; അതെന്താണ് സഭാനേതാവിന് മനസിലാക്കാൻ കഴിയാത്തത്?

മി. സ്പീക്കർ: ചോദ്യോത്തരത്തിലേയ്ക്ക് കടക്കുകയാണ്. ചോദ്യം നമ്പർ *271 …… (ബഹളം) …..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ……..(ബഹളം)……….

മി. സ്പീക്കർ: ചോദ്യോത്തരം കഴിഞ്ഞിട്ടല്ലേ അടിയന്തരപ്രമേയം എടുക്കുന്നത്, ചോദ്യോത്തരത്തിന് മുമ്പ് അടിയന്തരപ്രമേയം എടുക്കാൻ സാധ്യമല്ലല്ലോ.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിന് സമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾ ദയവായി അവരവരുടെ സീറ്റുകളിലേക്ക് പോകണം, സഭ നടത്തിക്കൊണ്ട് പോകാൻ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകാൻ ദയവായി സഹകരിക്കണം. അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: ചോദ്യോത്തരം, അടിയന്തരപ്രമേയം, ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു.